# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും

സർക്കുലർ നമ്പർ. 1

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ സഭയുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ ബഹുമുഖമായ അഭ്യുന്നതിക്കു കർമ്മോജ്ജ്വലവും മഹനീയവുമായ നേതൃത്വം നൽകിയ അഭിവന്ദ്യനായ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ തിരുമേനി 2020 ഒക്ടോബർ മാസം 18–ാം തീയതി ഞായറാഴ്ച 2:38 എ.എം. ന് കർതൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു.

2020 ഏപ്രിൽ 18 ന് തിരുമേനിക്ക് ഉദരസംബന്ധമായ ചില അസ്വസ്ഥതകൾ ഉണ്ടായതിനെത്തുടർന്ന് കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രി, എറണാകുളം ലിസി ഹോസ്പിറ്റൽ, തിരുവല്ല ബിലീവേഴ്സ് മെഡിക്കൽ കോളജ് ആശുപത്രി എന്നിവിടങ്ങളിൽ വിദഗ്ധപരിശോധനയ്ക്കും ചികിത്സയ്ക്കുമായി പ്രവേശിപ്പിക്കുകയും പാൻക്രിയാസിലെ അർബുദമാണെന്നു സ്ഥീരീകരിക്കുകയും ചെയ്തു. വിദഗ്ദ്ധചികിത്സകളും പരിചരണങ്ങളും ലഭ്യമാകുവാൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും സഭയായി ചെയ്യുകയുമുണ്ടായി. ഒക്ടോബർ 12 നു മെത്രാപ്പോലിത്താ തിരുമേനിയുടെ താത്പര്യപ്രകാരം 4 മണിക്ക് സഫ്രഗൻ മെത്രാപ്പോലിത്തായുടെ നേതൃത്വത്തിലും എപ്പിസ്ക്കോപ്പാ തിരുമേനിമാരുടെ സഹകരണത്തിലും സഭയുടെ ഔദ്യോഗിക ഭാരവാഹികളുടെയും മറ്റും സാന്നിദ്ധ്യത്തിലും തൈലാഭിഷേക ശുശ്രൂഷ നടത്തി. 2020 ഒക്ടോബർ മാസം 17–ാം തീയതി അർദ്ധരാത്രിയോടുകൂടി ആരോഗ്യനില മോശമാകുകയും 18–ാം തീയതി ഞായറാഴ്ച പുലർച്ചെ 2:38 ന് നിത്യതയിലേക്കു പ്രവേശിക്കുകയും ചെയ്തു.

ഡോ. മാത്യു ഫിലിപ്പ്, ഡോ. ജയശങ്കർ, ഡോ. രാജു പി.ജോർജ്, ഡോ.ജോർജ് ചാണ്ടി, ഡോ. മാത്യു തോമസ്, ഡോ. അജു മാത്യു, ഡോ. ജോംസി ജോർജ്, ഡോ. ദീപക് ജോൺസൻ തുടങ്ങിയ ഡോക്ടറന്മാർ ചികിത്സയ്ക്കു നേതൃത്വം നൽകി. ഈ ആശുപത്രികളിലെ ഡോക്ടറന്മാർ, നേഴ്സുമാർ, ഇതര പ്രവർത്തകർ വിശിഷ്യ അവസാന ദിനങ്ങളിൽ ചികിത്സയും ആവശ്യമായ ശുശ്രൂഷകളും നിർവ്വഹിച്ച തിരുവല്ല ബിലീവേഴ്സ് മെഡിക്കൽ കോളജ് ആശുപത്രി മാനേജ്മെന്റ്, ഡോക്ടറന്മാർ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവരോടുമുള്ള നന്ദി നിസ്സീമമാണ്.

രോഗാവസ്ഥയിൽ തിരുമേനിയെ ശുശ്രൂഷിച്ച തിരുമേനിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളോട് വിശിഷ്യ റവ. ഷിജോയ് ഏബ്രഹാം സഖറിയ, റവ. റോവിൻ വർഗിസ് ജോൺ, ശ്രീ. ബ്ലസൻ ഫിലിപ്പ് തോമസ് എന്നിവരോടും ഡോ. സജീവ് ജോൺ ജേക്കബ്, ശ്രീ.ഗ്ലാഡ്വിൻ മാത്യു ജോർജ് എന്നിവരോടും ഉള്ള കടപ്പാട് രേഖപ്പെടുത്തുന്നു.

ഭൗതീക ശരീരം തിരുവല്ല ബിലീവേഴ്സ് മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് സഭാ ആസ്ഥാനത്തേക്കു 18–ാം തീയതി ഞായറാഴ്ച രാവിലെ 7.45 ന് കൊണ്ടുവന്നു. തുടർന്ന് തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലിത്താ സ്മാരക ആഡിറ്റോറിയത്തിൽ ഒന്നാം ഭാഗം ശുശ്രൂഷ നടന്നു. 8 മണി മുതൽ പൊതുദർശനം ആരംഭിച്ചു. വിവിധ സഭകളിലെ മേലദ്ധ്യക്ഷന്മാരും, സാമൂഹിക, രാഷ്ട്രീയ, ഭരണതലങ്ങളിലെ ജനനേതാക്കളും, വിശ്വാസ സമൂഹവും, പൊതുസമൂഹവും അനുശോചനം അറിയിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

രണ്ടും മൂന്നും ഭാഗം ശുശ്രൂഷകൾ യഥാക്രമം 18–ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിക്കും 19–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 നും നടന്നു. ഉച്ചയ്ക്കു ശേഷം 3 മണിക്ക് കബറടക്ക ശുശ്രൂഷയുടെ നാലാം ഭാഗം ആരംഭിച്ചു. നമ്മുടെ സഭയിലെ അഭിവന്ദ്യരായ തിരുമേനി

മാരും സഹോദരീ സഭകളിലെ മേൽപ്പട്ടക്കാരും നേതൃത്വം നൽകി. ശുശ്രൂഷകൾക്ക് ശേഷം കോവിഡ് പ്രോട്ടോക്കോൾ പ്രകാരം അംഗസംഖ്യ പരിമിതമാക്കി നഗരികാണിക്കൽ നടന്നു. തിരുവല്ല സെന്റ് തോമസ് പള്ളിയുടെ സമീപേയുള്ള പിതാക്കന്മാരുടെ കബറുകളുടെ സമീപം നിർമ്മിച്ച കബറിൽ കബറടക്കം നടത്തി. സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ബഹുമതിയോടുകൂടി കബറടക്ക ശുശ്രൂഷ വൈകുന്നേരം 5.30 മണിയോടുകൂടെ പൂർത്തിയായി.

ആദരണീയനായ ഇന്ത്യൻ രാഷ്ടപതി ശ്രീ. റാംനാഥ് കോവിന്ദ്, ആദരണീയനായ ഉപരാഷ്ടപതി ശ്രീ. എം. വെങ്കയ്യനായിഡു, ബഹുമാന്യനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോഡി, ബഹു. കേരളാ ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ, ബഹു. മിസോറാം ഗവർണ്ണർ അഡ്വ. പി.എസ്. ശ്രീധരൻപിള്ള, ജാർഖണ്ഡ് ഗവർണ്ണർ ശ്രീമതി. ദ്രൗപതി മുർമു, ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, കോൺഗ്രസ് നേതാവ് ശ്രീ. രാഹുൽ ഗാന്ധി എം. പി., മന്ത്രിമാർ, സഹോദരീസഭകളിലെ ബിഷപ്പുമാർ, തുടങ്ങിയവർ അനുശോചന സന്ദേശങ്ങളിലൂടെ തങ്ങളുടെ ആദരവ് രേഖപ്പെടുത്തി.
മന്ത്രിമാർ, എം,പി.മാർ, എം. എൽ.എ.മാർ, മറ്റു ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക-മത-സഭാ നേതാക്കൾ, വിശ്വാസി സമൂഹം, പൊതു സമൂഹം, സഭാംഗങ്ങൾ തുടങ്ങി സമൂഹത്തിലെ വിവിധ രംഗങ്ങളിലെ സ്നേഹിതർ നേരിട്ട് എത്തി ആദരാഞ്ജലികൾ അർപ്പിച്ചു.
അതിധന്യവും അനുഗ്രഹീതവുമായ ശുശ്രൂഷയിലൂടെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കും എക്യുമെനിക്കൽ, മതേതര മേഖലകൾക്കും അഭിവന്ദ്യ മെത്രാപ്പോലിത്താ തിരുമേനിയിലൂടെ നൽകിയ നേതൃത്വത്തെ ഓർത്തു ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. 1957 ജൂൺ 29 നു ശെമ്മാശ് പട്ടത്വത്തിലേക്കും ഒക്ടോബർ 18 നു കശ്ശീശാ പട്ടത്വത്തിലേക്കും പ്രവേശിച്ചു. വിവിധ ഇടവകകളിൽ ശുശ്രൂഷ നിർവ്വഹിച്ചു. 1974 നവംബറിൽ സമ്മേളിച്ച സഭാ പ്രതിനിധിമണ്ഡലം എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1975 ജനുവരി 11 ന് റമ്പാനായി. 1975 ഫെബ്രുവരി 8-ാം തീയതി ജോസഫ് മാർ ഐറേനിയസ് എന്ന നാമത്തിൽ എപ്പിസ്ക്കോപ്പായി സ്ഥാനാഭിഷേകം ചെയ്യപ്പെട്ടു. കൊല്ലം-കൊട്ടാരക്കര, തിരുവനന്തപുരം-കൊല്ലം, ബോംബെ-ഡൽഹി, അടൂർ-മാവേലിക്കര, അടൂർ, നിരണം-മാരാമൺ, മലേഷ്യ-സിംഗപ്പൂർ - ആസ്ത്രേലിയ - ന്യൂസിലാൻഡ്, റാന്നി-നിലയ്ക്കൽ, കോട്ടയം-കൊച്ചി എന്നീ ഭദ്രാസനങ്ങളിൽ ഭദ്രാസനാധ്യക്ഷനായി അതിശ്രേഷ്ഠമായ നേതൃത്വം നൽകി. 1999 ൽ സഫ്രഗൻ മെത്രാപ്പോലിത്തയായി ഉയർത്തപ്പെടുകയും 2007 ഒക്ടോബർ രണ്ടാം തീയതി മാർത്തോമ്മാ മെത്രാപ്പോലിത്തയായി സ്ഥാനാരോഹണം ചെയ്യപ്പെടുകയും ചെയ്തു. സഭയിലെ വിവിധ സംഘടനകളുടെയും സ്ഥാപനകളുടെയും അദ്ധ്യക്ഷനായി പ്രഗത്ഭമായ നേതൃത്വം നൽകി.

എക്യുമെനിക്കൽ രംഗത്തും, സഭൈക്യ പ്രസ്ഥാനങ്ങളിലും ആതുര ശുശ്രൂഷാരംഗത്തും, വിദ്യാഭ്യാസ മേഖലയിലും നിസ്തുല്യമായ നേതൃത്വമാണ് തിരുമേനി നിർവ്വഹിച്ചിട്ടുള്ളത്.
അഖിലലോക സഭാ കൗൺസിൽ, ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ തുടങ്ങിയ സമുന്നത എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ എക്കാലത്തും സ്മരിക്കപ്പെടും.
സ്നേഹകരം തുടങ്ങിയ നിരവധി ജീവകാരുണ്യ പദ്ധതികളിലൂടെയും, സഭയുടെ വിവിധ മേഖലകളിലുള്ള ശുശ്രൂഷകളിലൂടെയും, നമ്മുടെ കർത്താവിന്റെ കരുതലും, ദയയും, സ്നേഹവും, സമൂഹമദ്ധ്യേയുള്ള ക്രിസ്തീയ സാക്ഷ്യവും ഏവർക്കും അനുഭവവേദ്യമാക്കിത്തീർക്കുവാൻ അഭിവന്ദ്യ തിരുമേനിക്ക് തന്റെ അജപരിപാലനത്തിലൂടെ സാധ്യമായി. കർത്താവിന്റെ വിശ്വസ്ത സാക്ഷിയായി വിശ്വാസ സ്ഥിരതയോടെ ധീരതയോടും തന്റെ ജനത്തിന് മുമ്പാകെ കർത്താവിന് വേണ്ടി മടികൂടാതെ വേലചെയ്ത് നിത്യതയിലേക്കു പ്രവേശിച്ചിരിക്കുന്ന തിരുമേനിയുടെ സേവനങ്ങൾ അതിശ്രേഷ്ഠമായിരുന്നു.
കബറടക്ക ശുശ്രൂഷ സംബന്ധമായ ചെലവുകൾക്കായി നമ്മുടെ ഇടവകകളിൽ നിന്ന് സംഭാവന നൽകുന്ന പതിവ് നമുക്കുണ്ടല്ലോ. ഇടവകകൾ നിത്യചിലവ് സംഖ്യയുടെ അൻപതു ശതമാനത്തിൽ കുറയാത്ത തുക സംഭാവനയായി നൽകുന്ന രീതി തുടരണമെന്ന് അറിയിക്കുന്നു. പ്രസ്തുത തുക 2020 നവംബർ 30നകം സഭാ ഓഫീസിൽ ലഭിക്കത്തക്കവണ്ണം അയച്ചു കൊടുക്കേണ്ടതാണ്.
മീഖാ പ്രവചനത്തിലൂടെ ദൈവം അരുളിച്ചെയ്തു ''മനുഷ്യാ, നല്ലത് എന്തെന്ന് അവൻ നിനക്ക് കാണിച്ച് തന്നിരിക്കുന്നു; ന്യായം പ്രവർത്തിപ്പാനും, ദയാതത്പരനായിരിപ്പാനും, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ, എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത്''. ഈ വചനം യാഥാർത്ഥ്യമാക്കിത്തീർത്ത് വിശ്വാസ സ്ഥിരതരാകുവാൻ ജനങ്ങളെ

നിരന്തരം പ്രബോധിപ്പിക്കുകയും കർത്താവിന് വേണ്ടി വിശ്രമരഹിതമായി ശുശ്രൂഷ ചെയ്ത് വിശ്രാമം പ്രാപിച്ചിരിക്കുന്ന തിരുമേനിയുടെ മഹനീയ സേവനങ്ങൾ ചിരസ്മരണീയമാണ്.

പുനരുത്ഥാന നാളിൽ വീണ്ടും ഒരുമിച്ച് കാണാം എന്ന പ്രത്യാശയോടുകൂടെ സമസ്ത വിശ്വാസ സമൂഹവും, ഭാഗ്യസ്മരണാർഹനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് പ്രത്യാശപൂർവ്വം സമുചിതമായ യാത്രയയപ്പ് നൽകി. തിരുമേനിയുടെ ദേഹവിയോഗത്തിൽ വേദനയിലായിരിക്കുന്ന സഭാംഗങ്ങൾക്കും, കുടുംബാംഗങ്ങൾക്കും സഭയുടെ നാഥനായ കർത്താവ് ആശ്വാസവും, സമാധാനവും നൽകുമാറാകട്ടെ.

കർത്താവ് യേശുമിശിഹായുടെ കൃപയും സമാധാനവും എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.
എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും ക്രിസ്താബ്ദം 2020 ഒക്ടോബർ മാസം 24-ാം തീയതി

**ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ**
മെത്രാപ്പോലിത്താ - ഇൻ - ചാർജ്.

## FROM THE APOSTOLIC SEE OF MALANKARA
## DR. GEEVARGHESE MAR THEODOSIUS SUFFRAGAN METROPOLITAN

Circular No.1

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority*

Beloved in Christ,

His Grace the Metropolitan Dr. Joseph Mar Thoma Metropolitan who gave dynamic and eminent leadership to our Church towards her multifaceted spiritual and material growth was taken abode to the Lord's presence on Sunday, October 18, 2020 at 2:38 a.m.

On April 18, 2020, after having some gastric ailments Thirumeni was admitted at Kumbanad Fellowship Mission Hospital and later at Ernakulam Lisie Hospital and Thiruvalla Believers Church Medical College Hospital for expert investigation and treatment and confirmed for pancreatic malignancy. The Church made all arrangements for expert treatment and care. As desired by His Grace the Metropolitan, the Suffragan Metropolitan led the service of Holy Unction being assisted by the Episcopas in the presence of the Church officials on October 12, 2020 at 4 p.m. The medical condition became worse by midnight on October 17, 2020 and on Sunday October 18, 2020 at 2:38 a.m., His Grace passed into eternity.

Dr. Mathew Philip, Dr. Jayashankar, Dr. Raju P. George, Dr. George Chandy, Dr. Mathew Thomas, Dr. Aju Mathew, Dr. Jomcy George, and Dr. Deepak Johnson led the treatment. We have immense gratitude to the doctors, nurses and staff of these hospitals and especially to the management, doctors, and staff of the Believers Church Medical College Hospital who provided treatment and necessary services during the last days.

We also record our gratitude to the personal staff of the Metropolitan especially Rev. Shijoy Abraham Zachariah, Rev. Rovin Varghese John, Mr. Blesson Philip Thomas, as well as Dr. Sajeev John Jacob and Mr. Gladwin Mathew George who served His Grace during the time of illness.

The mortal body was brought to the Church Head Quarters from the Thiruvalla Believers Church Medical College Hospital on Sunday October 18 at 7:45 a.m. Then the first part of the service was conducted at Thiruvalla Dr. Alexander Mar Thoma Valiya Metropolitan Memorial Auditorium. Public viewing began from 8 a.m. Bishops of various Churches, leaders of the

social, political, and government spheres, faith community and general public expressed condolences and paid their tribute.

The second and third part of the funeral service were on Sunday the 17th at 6 p.m. and Monday the 18th at 8:30 a.m. respectively. The forth part of the service began at 3 p.m. Bishops of our Church and bishops of the sister Churches led the service. A stately procession followed the service with limited numbers in accordance with the Covid protocol. The mortal remains were entombed in a sepulcher alongside the tombs of the Church fathers close to the Thiruvalla St. Thomas Mar Thoma Church. The funeral service finished by 5:30 p.m. with state honors accorded by the state government.

The President of India His Excellency Shri. Ram Nath Kovind, The Vice President His Excellency Shri. M. Venkaiah Naidu, Honorable Prime Minister Shri. Narendra Modi, Hon. Kerala Governor Shri. Arif Mohammad Khan, Hon. Mizoram Governor Adv. Sreedharan Pillai, Hon. Jharkhand Governor Shrimati Draupadi Murmu, Hon. Kerala Chief Minister Shri. Pinarayi Viajayan, Congress Leader Shri. Rahul Gandhi M.P., State Ministers, and Bishops of sister Churches paid their respects through condolence messages.

Friends from various spheres of the community such as State Ministers, M.P.s, M.L.A.s, local body representatives, political-social-cultural-religious-ecclesial leaders, faith community, civic community, and Church members came in person to pay their homage.

Praise and thanksgiving be to God for the blessed and graceful ministry and leadership of His Grace the Metropolitan to the Malankara Mar Thoma Syrian Church, the ecumenical and secular spheres. After ordination as deacon on June 29, 1957 and Kasseesa on October 18th, Rev. P.T. Joseph served various parishes. The Sabha Prathinithi Mandalam elected him for the position of Episcopa. On February 8, 1975 Thirumeni was consecrated as Episcopa with the name Joseph Mar Irenaeus. As Diocesan Bishop Thirumeni gave efficient leadership to the dioceses of Kollam-Kottarakkara, Thiruvanathapuram-Kollam, Bombay-Delhi, Adoor-Mavelikara, Adoor, Niranam-Maramon, Malaysia-Singapore, Australia-New Zealand, Ranny-Nilackal, and Kottayam-Kochi. Thirumeni was elevated as Suffragan Metropolitan in 1999 and was enthroned as the Mar Thoma Metropolitan on October 2, 2007. The Metropolitan gave eminent leadership to various organizations and institutions of the Church.

Thirumeni expressed unique statesmanship in the spheres of ecumenism, church unity movements, hospital ministry and educational sphere. His Grace's contributions to the higher

order ecumenical institutions such as the World Council of Churches, Christian Conference of Asia, and National Council of Churches in India will always be remembered.

With welfare projects like *'Snehakaram'* and the Church's ministry in various fields, Thirumeni could help everyone experience the care, mercy, and love of our Lord and the Christian witness in society through pastoral ministry. Being a faithful witness and fervent servant of the Lord with steadfast faith and courage His Grace entered eternity leaving us a legacy of exemplary service.

It is our tradition to contribute towards the expenses of the funeral service from our parishes. Parishes are urged to continue the practice of contributing an amount which is not less than 50% of the *'Nityachilavu'* subscription. The amount should be remitted to the Sabha Office before November 30, 2020.

God proclaimed through the prophecy of Micah: "He has told you O mortal, what is good; and what does the Lord require of you but to do justice, and to love kindness, and walk humbly with your God?" The distinguished services of His Grace who often exhorted people to be true to this message with steadfast faith and entered eternal rest after serving untiringly will ever be remembered.

The entire faith community gave a befitting farewell to Dr. Joseph Mar Thoma Metropolitan of hallowed memory, with a hope to meet again on the day of resurrection. May God the Lord of the Church grant comfort and peace to the members of the Church and family who mourn Thirumeni's bodily departure.

Grace and Peace of our Lord Jesus Christ be with you all.

Dated 24th of October 2020 from the Poolatheen, Thiruvalla,

**Dr. Geevarghese Mar Theodosius Suffragan Metropolitan**
**Metropolitan in Charge**